**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 6335 — 20.11.2019 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് വകുപ്പിൽ സീനിയോറിറ്റി മാനദണ്ഡം ലംഘിച്ച് നിയമനം

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ ഗവൺമെന്റ് അധികാരമേറ്റശേഷം എംപ്ലോയ്മെന്റ് വകുപ്പിൽ സീനിയോരിറ്റി മാനദണ്ഡങ്ങൾ ലംഘിച്ച് ഏതെല്ലാം സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് എത്ര നാമനിർദ്ദേശങ്ങൾ ഏതെല്ലാം തസ്തികകളിലേക്ക് നൽകിയിട്ടുള്ളതായി വിജിലൻസ് സെൽ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ ഗവൺമെന്റ് അധികാരമേറ്റശേഷം എംപ്ലോയ്മെന്റ് വകുപ്പിൽ സീനിയോറിറ്റി മാനദണ്ഡങ്ങൾ ലംഘിച്ച് നാമനിർദ്ദേശം നൽകിയതുമായി ബന്ധപ്പെട്ട് വകുപ്പിലെ വിജിലൻസ് സെൽ കണ്ടെത്തിയവ ചുവടെ ചേർക്കുന്നു.<br>ആരോഗ്യ വകുപ്പിൽ കുക്ക് ഗ്രേഡ്-II തസ്തികയിൽ 2 ഉദ്യോഗാർത്ഥികളെയും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഒരു ഉദ്യോഗാർത്ഥിയെയും ലെജിസ്ലേറ്റീവ് സെക്രട്ടേറിയറ്റിൽ ഫുൾ ടൈം സാനിറ്റേഷൻ വർക്കർ തസ്തികയിൽ ഒരു ഉദ്യോഗാർത്ഥിയെയും കോട്ടയം ഓയിൽ പാമിൽ പ്ലാന്റ് ഓപ്പറേറ്റർ തസ്തികയിൽ 6 ഉദ്യോഗാർത്ഥികളെയും എസ്.സി ഡെമോൺസ്ട്രേറ്റർ തസ്തികയിൽ 2 ഉദ്യോഗാർത്ഥികളെയും തെറ്റായി നാമനിർദ്ദേശം നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഈ നാമനിർദ്ദേശങ്ങൾ വഴി എത്ര ഉദ്യോഗാർത്ഥികളുടെ ന്യായമായ തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ ഉൾപ്പെടുന്ന സംവരണ വിഭാഗങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | 12 ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലംഘിച്ചിട്ടുണ്ടെങ്കിലും പകരം തെരഞ്ഞെടുത്തത് അതേ സംവരണ വിഭാഗത്തിൽ നിന്ന് തന്നെ ആയതിനാൽ സംവരണ ക്രമം തെറ്റിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇത്തരം ചട്ടവിരുദ്ധകാര്യങ്ങൾ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | മേൽപ്പടി ഉദ്യോഗസ്ഥന് കുറ്റപത്രം നൽകുകയും ശിക്ഷണനടപടിയുടെ ഭാഗമായി ടിയാനെ ഡി.പി.സി.യിൽ നിന്നും ഒഴിവാക്കുകയും ടിയാന്റെ ഇൻക്രിമെന്റ് 6 മാസത്തേയ്ക്ക് തടയുകയും തുടർന്ന് കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് മാറ്റുകയും ചെയ്തു. കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ ഇപ്രകാരമുള്ള അപാകത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വകുപ്പിലെ തന്നെ ഉന്നത ഉദ്യോഗസ്ഥയെ കൊണ്ട് അന്വേഷണം നടത്തുകയും റിപ്പോർട്ട് പരിശോധിക്കുകയും ചെയ്യുകയുണ്ടായി. ആയതിൽ കുറ്റക്കാരനെന്ന് കണ്ട ഉദ്യോഗസ്ഥന് കുറ്റപത്രം നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം ജില്ലകളിലെ ഓഫീസുകളിലാണ് ചട്ടവിരുദ്ധ നാമനിർദ്ദേശങ്ങൾ നൽകിയതെന്ന് അറിയിക്കാമോ; | (ഡി) | കൊല്ലം ജില്ലയിലെ കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ആലപ്പുഴ ജില്ലയിലെ കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മാവേലിക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങിയ ഓഫീസുകളിലാണ് ഇപ്രകാരം ചട്ടവിരുദ്ധമായി നാമനിർദ്ദേശം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| (ഇ) | ചട്ടവിരുദ്ധ നാമനിർദ്ദേശം സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പരാതികളിന്മേൽ ഏതെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഇ) | ഉണ്ട്. കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ ഇപ്രകാരമുള്ള അപാകത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വിശദമായ അന്വേഷണം നടത്തുകയും കുറ്റക്കാരനെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥന് എതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ, നിയമനം എന്നിവയിലേക്ക് പരിഗണിക്കാത്ത സാഹചര്യം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ; | (എഫ്) | അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ഉദ്യോഗദായകന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റുകൾ നൽകുക മാത്രമാണ് ചെയ്യുന്നത്. ഇന്റർവ്യൂ നിയമനം എന്നിവ ഉദ്യോഗദായകന്റെ അധികാര പരിധിയിലാണ് വരുന്നത്. |

| | | | |
|---|---|---|---|
| (ജി) | അറിയിപ്പ് ലഭിച്ചിട്ടും ഏതെല്ലാം തസ്തികകളിലേക്കാണ് യോഗ്യരായവരെ പരിഗണിക്കാത്തതെന്ന് വ്യക്തമാക്കാമോ; കുറ്റക്കാർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിച്ച് വകുപ്പിലെ കെടുകാര്യസ്ഥത ഇല്ലാതാക്കുവാൻ നടപടി എടുക്കുമോ? | (ജി) | ഡെമോൺസ്ട്രേറ്റർ, ഫയർമാൻ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, മെയിൽ വർക്കർ, ഡ്രൈവർ, സാനിറ്റേഷൻ വർക്കർ, ക്യാഷ് കളക്ടർ, സാനിറ്ററി കെമിസ്റ്റ്, ലാബ് അസിസ്റ്റന്റ് ഗ്രേഡ്-2, പമ്പ് ഓപ്പറേറ്റർ, ഇലക്ട്രീഷ്യൻ, ലാബ് അസിസ്റ്റന്റ്, ഫുൾടൈം സ്വീപ്പർ, ട്രേഡ് അപ്രന്റീസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, മാനേജർ തുടങ്ങിയ തസ്തികകളിലേയ്ക്ക് മാവേലിക്കര, കായംകുളം എന്നീ ഓഫീസുകളിൽ നിന്നും യഥാസമയം ലിസ്റ്റ് നൽകിയിട്ടില്ലായെങ്കിലും ജില്ലയിലെ മറ്റ് എക്സ്ചേഞ്ചുകളിൽ നിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുകയും അർഹരായവർക്ക് നിയമനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. യോഗ്യരായവരുടെ ലിസ്റ്റുകൾ യഥാസമയം നൽകാത്ത മേൽ പരാമർശിച്ച ഓഫീസുകളിലെ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**